## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 179 — 18.06.2012 -ൽ മറുപടിയ്ക്ക്

### അനധികൃത കോഴി കടത്ത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.കെ.കെ.നാരായണൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | നികുതി വെട്ടിച്ച് സംസ്ഥാനത്തേക്ക് കോഴി കടത്തുന്നത് വ്യാപകമായിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഇതുമൂലം നികുതി ഇനത്തിലുള്ള നഷ്ടം എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിയിൽ നിന്ന് 2011-12 സാമ്പത്തികവർഷത്തിൽ ലഭിച്ച നികുതി 93.06 കോടി രൂപ ആണ്. 2010-'11 ൽ ഇത് 121.18 കോടി രൂപയായിരുന്നു. 28.10 കോടി രുപയുടെ കുറവ് ഈയിനത്തിൽ ഉണ്ടായിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ഭാഗങ്ങളിലൂടെയാണ് സംസ്ഥാനത്ത് അനധികൃതമായി കോഴി കടത്തുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഇതിനെ നിയന്ത്രിക്കാൻ നിലവിലുള്ള സംവിധാനങ്ങൾക്ക് കഴിയുന്നില്ലെന്ന് തോന്നുന്നുണ്ടോ ; | (ബി) | തിരുവനന്തപുരം, പാലക്കാട്, വയനാട്, കണ്ണൂർ, കാസർകോട് എന്നീ അതിർത്തി ജില്ലകളിലെ ഊടുവഴികളിലൂടെയും കൂടാതെ മാഹി കേന്ദ്രീകരിച്ചുമാണ് സംസ്ഥാനത്ത് അനധികൃതമായി കോഴി കടത്തുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്.<br>ഊടുവഴികളിലൂടെയുള്ള കള്ളക്കടത്തു തടയുവാൻ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം സദാ സജ്ജമാണ്. മതിയായ രേഖകളില്ലാതെ കള്ളക്കടത്ത് കണ്ടെത്തിയാൽ ഉടൻതന്നെ നടപടികൾ എടുക്കാറുണ്ട്. അതിർത്തി പ്രദേശങ്ങളിൽ സ്ക്വാഡിനെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്.<br>(..........2) |

| | | | |
|---|---|---|---|
| (സി) | ഒരു കിലോഗ്രാം കോഴി സംസ്ഥാനത്തേക്ക് അനധികൃതമായി കടത്തുമ്പോൾ നികുതി ഇനത്തിൽ ഖജനാവിന്റെ നഷ്ടം എത്രയാണ്; | (സി) | 9.45 രൂപയാണ്. |
| (ഡി) | 2011-12-ൽ പ്രസ്തുത ഇനത്തിൽ ലഭിച്ച വരുമാനം എത്രയായിരുന്നു ; തന്നാണ്ടിൽ പ്രതീക്ഷിക്കുന്നത് എത്ര ; ഇതിനകം ലഭിച്ചത് എത്ര ; വിശദമാക്കുമോ ? | (ഡി) | 2011-'12 സാമ്പത്തികവർഷത്തിൽ പ്രസ്തുത ഇനത്തിൽ ലഭിച്ച വരുമാനം 93.06 കോടി രൂപയാണ്. തന്നാണ്ടിൽ 31.05.2012 വരെ ലഭിച്ച വരുമാനം 19.89 കോടി രൂപയാണ്. കോഴിയുടെ നികുതിയ്ക്ക് മാത്രമായി പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. എന്നാൽ കോഴിയുടെ നികുതിയുൾപ്പെടെ വാണിജ്യ നികുതിയിനത്തിൽ 23466.5 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന വരുമാനം. ഇത് മുൻവർഷത്തേക്കാൾ 22% കൂടുതലാണ്. |

സെക്ഷൻ ഓഫീസർ